സ്വീകരിക്കുന്നതാണ്. ആ പറയുന്ന പ്രദേശത്തുതന്നെ ഭൂമി കണ്ടെത്തുകയാണെങ്കിൽ ആ കുടികിടപ്പുകാരെ ഒഴിവാക്കേണ്ടതായിട്ട് വരും. അങ്ങനെ വരുമ്പോഴും ഉണ്ടാകാവുന്ന ബുദ്ധിമുട്ട് വേറെയാണ്. ഇതെല്ലാംകൂടി കണക്കിലെടുത്തുകൊണ്ട് എന്തെങ്കിലും നടപടികളും സ്വീകരിക്കുന്നതാണ്. 29-ാം തീയതി സമരം നടത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ആ സമരത്തിന്റെ ആവശ്യം എന്തായാലും ഇല്ല. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർതന്നെ എന്നോട് പലപ്രാവശ്യവും പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിലൂടെയും ഈ പ്രശ്നം സജീവമായി ഉന്നയിച്ചിരിക്കുകയാണ്. ഇതിന് പരിഹാരം ഉണ്ടാക്കി ഒരു താല്ക്കാലിക കെട്ടിടമെങ്കിലും നിർമ്മിച്ചുകൊടുത്തു അടുത്ത അദ്ധ്യയനവർഷമെങ്കിലും സ്കൂൾ പ്രവർത്തിപ്പിക്കുന്ന കാര്യത്തെക്കുറിച്ച് വളരെ സജീവമായിട്ട് ഗവൺമെന്റു പരിഗണിക്കുന്നതാണ്. അതുകൊണ്ട് മറ്റു നടപടികളിലേക്ക് പോകാതെ ഗവൺമെന്റുമായി സഹകരിക്കണം എന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി : സർ, ഈ പറഞ്ഞ സ്ഥലത്തു മറ്റു ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിൽ അതിന് തൊട്ടുതന്നെ മറ്റു പുറമ്പോക്ക് ഭൂമികളുണ്ട്. അത് കണ്ടെത്തി അവിടെ ബദൽ സംവിധാനം ഉണ്ടാക്കുന്നതുവരെ അടുത്ത അദ്ധ്യയനവർഷം കുട്ടികൾക്ക് ബുദ്ധിമുട്ടില്ലാത്ത വിധത്തിൽ അപ്രോച്ച് റോഡിന്റെ പണി തുടങ്ങുന്നതുവരെയെങ്കിലും കെട്ടിടം പൊളിച്ചു മാറാതെ, കുട്ടികളുടെ പഠിത്തത്തിന് തടസം വരുത്താത്തവിധത്തിലുള്ള ഇടക്കാല സംവിധാനമുണ്ടാക്കാൻ തയ്യാറാകുമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, തല്ക്കാലം ഒരു ഇടക്കാല സംവിധാനം ഉണ്ടാക്കുകയും 10 ദിവസത്തിനകം ആ സ്പോട്ടുതന്നെ ജില്ലാ കളക്ടറോടും വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറോടും ജോയിന്റായിട്ട് ഇൻസ്പെക്ഷൻ നടത്തി അതിനെ സംബന്ധിച്ച ഒരു ആംഗ്ലോറിവ് അറേജ്മെന്റ് ഉണ്ടാക്കാനുള്ള ഒരു റിപ്പോർട്ട് ഗവൺമെന്റിലേക്ക് സമർപ്പിക്കുകയും ചെയ്യാൻ ആവശ്യപ്പെടുന്നതാണ്.

III സബ്മിഷൻ

(1) ആലപ്പുഴ ട്രാൻസ്പോർട്ട് ഡിപ്പോയുടെ ശോചനീയാവസ്ഥ

ശ്രീ. വി. ദിനകരൻ : സർ. ആലപ്പുഴ ട്രാൻസ്പോർട്ട് ഡിപ്പോയുടെ ശോചനീയാവസ്ഥ വകുപ്പു മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഉദ്ദേശിക്കുന്നത്. റെയിൽവേ സൗകര്യമില്ലാത്ത ജില്ലയാണ് ആലപ്പുഴ. സമ്പൂർണ്ണമായും ദേശസാൽകൃത റൂട്ടുമാണ്. 1983-ൽ 106 ഷെഡ്യൂളിന് 126 ബസ് ഉണ്ടായിരുന്നു. ഇപ്പോഴാണെങ്കിൽ 91 ഷെഡ്യൂളിന് ഏതാണ്ട് 103 ബസ് വേണ്ട സ്ഥാനത്ത് 80 ബസാണുള്ളത്. അതിൽ തന്നെ 24 എണ്ണം വർക്കുഷോപ്പിലാണ്. ബാക്കി 56 ബസ് മാത്രമാണുള്ളത്. 1,25,000 രൂപ പ്രതിദിനവരുമാനം ഉണ്ടായിരുന്ന ആ ഡിപ്പോയിൽ ഇന്ന് 75,000 രൂപയായി കുറഞ്ഞിരിക്കുന്നു. യാത്രക്കാരുടെ കുറവുകൊണ്ടല്ല, ബസ് ഇല്ലാത്തതുകൊണ്ടുമാത്രമാണ്. ഓരോ വർഷവും 10 ശതമാനം ഷെഡ്യൂളുകൾ വർദ്ധിപ്പിക്കണമെന്നാണ് പറയുന്നത്. 1982-ൽ ഉണ്ടായിരുന്നതിന്റെ 50 ശതമാനം ഷെഡ്യൂളുകൾ കുറഞ്ഞിരിക്കുകയാണ് ആലപ്പുഴ ഡിപ്പോയിൽ. അതുപോലെതന്നെ ഒരൊറ്റ എക്സ്പ്രസ് സർവ്വീസാണ് ആലപ്പുഴയിൽ നിന്ന് പുറപ്പെടുന്നത്. അന്തർസംസ്ഥാന സർവ്വീസുകൾ ഒന്നുംതന്നെ ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

നിന്നും പുറപ്പെടുന്നില്ല. ഈ കാര്യങ്ങളെല്ലാംതന്നെ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുള്ളതാണ്. റിസർവേഷന്റെ കാര്യത്തിൽ ഒരു ഷിഫ്റ്റ് മാത്രമാണ് പ്രവർത്തിക്കുന്നത്. ആലപ്പുഴയിലെ മൂന്ന് എം. എൽ. എ. മാർ—മുൻ മന്ത്രി ശ്രീ. രാമചന്ദ്രൻനായർ ചെയർമാനായും ശ്രീ. എ. വി. താമരാക്ഷൻ വൈസ് ചെയർമാനായും ഞാൻ കൺവീനറായും ഒരു ആക്ഷൻ കമ്മിറ്റി ഉണ്ടാക്കിയിരിക്കുകയാണ്. പൊതുജനങ്ങളെ നിരത്തിലിറക്കുന്ന സമീപനം നല്ലതല്ല. ജനുവരിയിൽ നിവേദനം കൊടുത്തിട്ട് അതിനെപ്പറ്റി ചർച്ച ചെയ്യാനുള്ള മര്യാദപോലും കാണിച്ചിട്ടില്ല. ഈ മന്ത്രിയുടെ വീട്ടുപടിക്കൽ ഞങ്ങൾ മൂന്നു എം. എൽ. എ. മാർ സത്യാഗ്രഹം ചെയ്യുന്ന സാഹചര്യം ഉണ്ടാക്കിയിരിക്കുകയാണ്. അതുകൊണ്ട് ഈ പ്രശ്നത്തിന് അടിയന്തിരമായി പരിഹാരം ഉണ്ടാക്കുന്നതിനുവേണ്ടി ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) : സർ, ആലപ്പുഴ ഡിപ്പോയിൽ 92 ഷെഡ്യൂളുകളാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ഇപ്പോൾ 82 ബസുകളേ ഓടുന്നുള്ളൂ. ബസുകളുടെ അപര്യാപ്തതമൂലം ഏതാനും ഷെഡ്യൂളുകൾ അവിടെ താൽക്കാലികമായി റദ്ദുചെയ്യേണ്ടതായി വന്നു. അത് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാവുന്നതാണ്. അദ്ദേഹം പറഞ്ഞതുപോലെ അവിടെ യാത്രാക്ലേശം വർദ്ധിച്ചിട്ടുണ്ടെന്ന് പറയുന്നതിനോട് ഈ ഗവൺമെന്റിന് യോജിക്കാൻ കഴിയില്ല. ഇന്ന് ആലപ്പുഴ ഡിപ്പോ ടച്ച് ചെയ്തത് ഫാസ്റ്റ് പാസ്സഞ്ചർ ബസ്സുകൾ തെക്കുനിന്ന് വടക്കോട്ടും വടക്കുനിന്ന് തെക്കോട്ടും 161 ട്രിപ്പുകൾ പോകുന്നുണ്ട്. അതുപോലെ മറ്റു ഡിപ്പോകളിൽനിന്നും 57 ട്രിപ്പുകൾ ആലപ്പുഴഡിപ്പോ ടച്ച് ചെയ്തു പോകുന്നുണ്ട്. ആലപ്പുഴനിന്ന് 168 ട്രിപ്പുകൾ തെക്കോട്ടും 173 ട്രിപ്പുകൾ വടക്കോട്ടും ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. യാത്രക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്. അതുകൂടാതെ, അന്തർസംസ്ഥാന സർവ്വീസുകൾ നടക്കുന്നില്ലായെന്ന് പറഞ്ഞതു ശരിയല്ല. എറണാകുളം—തൂത്തൂക്കുടി, ഗുരുവായൂർ-കന്യാകുമാരി എന്നീ അന്തർസംസ്ഥാന സർവ്വീസുകൾ ആലപ്പുഴ വഴിയാണ് കടന്നു പോകുന്നത്. തമിഴ്നാട് ഗവൺമെന്റുമായി ഉണ്ടാകുന്ന കരാറിന്റെ വെളിച്ചത്തിൽ ആലപ്പുഴയിൽനിന്ന് പുതിയ സർവ്വീസുകൾ തുടങ്ങുന്നതാണ്.

(2) വളപട്ടണം വൈസ്റോൺ ഇൻഡ്യാ പ്രൈവുഡ് ഫാക്ടറിയിലെ തൊഴിലാളി പണിമുടക്ക്

ശ്രീ. കെ. ടി. കുമാരൻ : സർ, കഴിഞ്ഞ 25-2-1986-ൽ വളപട്ടണം വൈസ്റോൺ ഇൻഡ്യാ പ്രൈവുഡ് ഫാക്ടറിയിലെ തൊള്ളായിരത്തോളം വരുന്ന തൊഴിലാളികൾ പണിമുടക്കിലാണ്. 1984 ജൂൺമാസത്തിൽ മാനേജ്മെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായ ചെയ്തികൾക്കെതിരായിട്ടായിരുന്നു തൊഴിൽ കുഴപ്പമുണ്ടായത്. തൊഴിലാളികൾക്ക് കാന്റീൻവഴി നൽകിക്കൊണ്ടിരുന്ന ക്ഷേണവസ്തുക്കൾ ന്യായമായ വിലയ്ക്ക് കൊടുക്കണമെന്നായിരുന്നു അവരുടെ ആവശ്യം. ഇക്കാര്യത്തെ സംബന്ധിച്ച് ഗവൺമെന്റ്, ലേബർ സെക്രട്ടറി ശ്രീ. മഹാബലറാവുവിനെ ആർബിട്രേഷന് വിടുകയും അതനുസരിച്ച് 28-9-1985-ന് അദ്ദേഹം അവാർഡ് പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ ഇരുകക്ഷികളും ഒരുപോലെ അംഗീകരിക്കാൻ ബാദ്ധ്യസ്ഥമായിട്ടുള്ള ഈ ആർബിട്രേഷൻ മാനേജ്മെന്റ് നടപ്പിലാക്കാൻ കൂട്ടാക്കത്തതിന്റെ ഫലമായി തൊഴിലാളികൾ

LIBRARY ARCHIVES Kerala Legislative Assembly